"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഊർജ്ജ വകുപ്പ് - ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിലെ എസ്.ടി വിഭാഗത്തിൽപ്പെട്ട ജീവനക്കാരുടെ പരാതികൾ പരിശോധിച്ച് പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് രൂപീകരിക്കുന്ന ഇന്റേണൽ ഗ്രിവൻസ് കമ്മിറ്റി അംഗമായി സാംസ്കാരിക വകുപ്പിലെ ജോയിന്റ് സെക്രട്ടറി, ശ്രീമതി രജനി എം. (പെൻ-101791) -നെ നാമനിർദേശം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഊർജ്ജ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.131/2025/POWER തീയതി,തിരുവനന്തപുരം, 12-07-2025

---

പരാമർശം:-
1. പൊതുഭരണം (ഏകോപനം) വകുപ്പിന്റെ 15.12.2022 തീയതിയിലെ Cdn.4/193/2022/GAD നമ്പർ സർക്കുലർ.
2. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ 31.12.2024 തീയതിയിലെ സിഇഐ/7/2023-ഇ2 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം 1 പ്രകാരമുള്ള സർക്കുലറിലെ നിർദ്ദേശാനുസരണം ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിലെ എസ്.ടി. വിഭാഗം ജീവനക്കാരുടെ പരാതികൾ പരിശോധിച്ച് പരിഹരിക്കുന്നതിനായി രൂപീകരിക്കുന്ന ഇന്റേണൽ ഗ്രിവൻസ് കമ്മിറ്റിയിൽ ഉൾപ്പെടുത്തുന്നതിനായി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിന് സമീപത്തുള്ള മറ്റ് ഓഫീസുകളിൽ നിന്നുള്ള ഒരു ഉദ്യോഗസ്ഥനെ / ഉദ്യോഗസ്ഥയെ ലഭിക്കാത്ത സാഹചര്യത്തിൽ ടി കമ്മിറ്റിയിൽ അംഗമായി ഉൾപ്പെടുത്തുന്നതിന് സെക്രട്ടറിയേറ്റിൽ നിന്നും എസ്.ടി വിഭാഗത്തിൽ ഉൾപ്പെട്ട ഒരു ഉദ്യോഗസ്ഥനെ / ഉദ്യോഗസ്ഥയെ നാമനിർദേശം ചെയ്യണമെന്ന് ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ പരാമർശം 2. പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിൽ എസ്.ടി. വിഭാഗം ജീവനക്കാരുടെ പരാതികൾ പരിശോധിച്ച് പരിഹരിക്കുന്നതിനായി രൂപീകരിക്കുന്ന ഇൻ്റേണൽ ഗ്രിവൻസ് കമ്മിറ്റി അംഗമായി, സാംസ്കാരിക വകുപ്പിലെ ജോയിന്റ് സെക്രട്ടറി, ശ്രീമതി രജനി എം. (പെൻ-101791) -നെ നാമനിർദേശം ചെയ്തു ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

PREETHY C S

ജോയിന്റ് സെക്രട്ടറി

ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, തിരുവനന്തപുരം.

ശ്രീമതി രജനി എം. , ജോയിന്റ് സെക്രട്ടറി, സാംസ്ക്കാരിക വകുപ്പ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ& ഇ), കേരള, തിരുവനന്തപുരം.
പൊതുഭരണ (സ്പെഷ്യൽ-ബി) വകുപ്പ് (SPL-B2/101/2025-GAD തീയതി 06.06.2025)
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്.
കരുതൽ ഫയൽ // ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Manoj S
Date: 14-07-2025 11:15:33

സെക്ഷൻ ഓഫീസർ